ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം
മെയിൽ: lrcommissioner@gmail.com
ഫോൺ :0471-2322885

File Number-LR/4401/2021-LR(H1) തീയതി:05-02-2022

## സർക്കുലർ

വിഷയം:- കോവിഡ് - 19 ധനസഹായ വിതരണം - സംബന്ധിച്ച്.

സൂചന:- WP(C) 539/21 ലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവുകൾ

05.02.22 ന് ബഹു.റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന കോവിഡ് ധനസഹായ വിതരണ അവലോകന യോഗത്തിന്റെ തീരുമാനമനുസരിച്ച് ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ അടിയന്തിര പ്രാബല്യത്തിലേയ്ക്കായി നൽകുന്നു.

1. 05.02.2022 വരെ മരണമടഞ്ഞ കോവിഡ് ബാധിതരുടെ ആശ്രിതർക്ക് 15.02.22 ന് മുമ്പ് പൂർണ്ണമായും നഷ്ടപരിഹാരം കൊടുത്ത് തീർക്കണം.

2 . അപേക്ഷകൻ കോവിഡ് ധനസഹായത്തിനായി അപേക്ഷിക്കുമ്പോൾ D D D നമ്പർ സമർപ്പിച്ചില്ലെന്ന ഒറ്റക്കാരണത്താൽ അപേക്ഷകൾ നിരസിക്കുവാൻ പാടുള്ളതല്ല.

3. DDD നമ്പർ ഇല്ലാത്ത അപേക്ഷകളിൽ വില്ലേജ് ഓഫീസർമാർ തന്നെ അപേക്ഷകരിൽ നിന്നും നേരിൽ അപേക്ഷ വാങ്ങി DDD നമ്പർ Health പോർട്ടലിൽ നിന്നും ശേഖരിച്ച് തുക പൂർണ്ണമായും നൽകി എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. അന്യ സംസ്ഥാനക്കാരായ ആൾക്കാർ കേരളത്തിൽ വച്ച് മരണമടഞ്ഞ കേസുകളിൽ ബന്ധപ്പെട്ട ജില്ലാകളക്ടർമാർ മരണമടഞ്ഞവരുടെ വിശദാംശങ്ങൾ സഹിതം ആ സംസ്ഥാന അധികൃതരിൽ നിന്നും അവർക്ക് തുക നൽകിയിട്ടില്ല എന്ന വിവരങ്ങൾ ഉൾപ്പെടെ ശേഖരിച്ച് ഉടൻ തന്നെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് തുക കൈമാറേണ്ടതാണ്.

5. ഓൺലൈനായി അപേക്ഷ process ചെയ്യുന്നതിന് ബുദ്ധിമുട്ട് വരുന്ന പക്ഷം ഓഫ് ലൈനായി അപേക്ഷ സ്വീകരിച്ച് ട്രഷറിയിലേക്ക് payment – നായി നൽകാവുന്നതാണ്.

6. ഇരട്ടിപ്പായി വന്ന അപേക്ഷകൾ ഒഴികെ മറ്റെല്ലാ അപേക്ഷയിലും ബന്ധപ്പെട്ട കക്ഷികൾക്ക് ധനസഹായം ലഭിച്ചെന്ന് ജില്ലാകളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

7. 15.02.2022 ന് തുക കൊടുത്ത് തീർക്കാൻ യാതൊരു വിധത്തിലും കഴിയാത്തവരുടെയും, അപേക്ഷ ലഭ്യമാക്കാൻ സാധിക്കാത്തവരുടെയും പ്രത്യേകം പ്രത്യേകമായിട്ടുള്ള ലിസ്റ്റ് കാര്യ കാരണ സഹിതം ജില്ലാകളക്ടർമാർ 16.02.22 ന് acdmclr@gmail.com എന്ന വിലാസത്തിൽ നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്

8 . മുൻ ഉത്തരവുകളിൽ എന്ത് തന്നെ നിർദ്ദേശം നൽകിയിട്ടുള്ളതാണെങ്കിലും ബഹുസുപ്രീം കോടതിയുടെ നിർദ്ദേശത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ട് കൊണ്ട് കോവിഡ് മൂലം മരണമടഞ്ഞവരുടെ ഏത് ആശ്രിതരുടെ പേരിലും അപേക്ഷ സ്വീകരിക്കാവുന്നതും ആയത് പ്രകാരം പ്രായോഗികമായി തുക നല്കാൻ സാധിക്കുന്നവർക്ക് തുക അനുവദിക്കാവുന്നതുമാണ്.

BIJU K IAS

COMMISSIONER LAND

REVENUE

പകർപ്പ്:-

1. എല്ലാ ജില്ലാകളക്ടർമാർക്കും

2. എല്ലാ തഹസിൽദാർമാർക്കും

3. എല്ലാ വില്ലേജ് ഓഫീസർമാർക്കും ( ജില്ലാകളക്ടർ മുഖേന)

–

Scanned with CamScanner